LIBRARY ARCHIVES Kerala Legislative Assembly

കൽക്കണ്ടി-ജെല്ലിപ്പാറ-ഊളിക്കടവ് റോഡ് വീതികൂട്ടുന്ന നടപടി

66 [618] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൽക്കണ്ടി-ജെല്ലിപ്പാറ-ഊളിക്കടവ് റോഡിൽ ഉള്ള കള്ളമലയ്ക്കും ദമ്മലയ്ക്കും ഇടയിലുള്ള മേജർ ബെന്റ് വീതി കൂട്ടുന്നതിനുള്ള നടപടി എത്രത്തോളമായി എന്നറിയിക്കാമോ?

ഉത്തരം

പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതല്ല.

തിരൂർക്കാട്-താമരശ്ശേരി റോഡ് റബ്ബറൈസ് ചെയ്യാൻ നടപടി

67 [619] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് പദ്ധതിപ്രകാരം കേരള ട്രാൻസ്പോർട്ട് പ്രോജക്ട് അനുസരിച്ച് അടുത്ത വർഷത്തേക്ക് മലപ്പുറം ജില്ലയെ ബന്ധിപ്പിക്കുന്ന ഏതൊക്കെ റോഡുകളാണ് റബ്ബറൈസ് ചെയ്യുന്നത്;

(ബി) തിരൂർക്കാട്-താമരശ്ശേരി റോഡ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ;

(സി) ഈ റോഡിന്റെ പണി എന്ന് പൂർത്തിയാക്കാനാവും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ മലപ്പുറം ജില്ലയിലുള്ള റോഡിന്റെ ഏതാനും ഭാഗവും മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള നിലമ്പൂർ-പെരുമ്പിലാവ് റോഡും (67 കി. മീ.) റബ്ബറൈസ് ചെയ്യുന്നതാണ്.

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന റോഡ് വികസന പദ്ധതിയിൽ തിരൂർക്കാട്-താമരശ്ശേരി റോഡ് ഉൾപ്പെടുത്തിയിട്ടില്ല.

(സി) ബാധകമല്ല.

കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണം

68 [620] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തട്ടാർക്കടവ്, വെള്ളാപ്പ് ഇടയിലക്കാട്, തലിച്ചാലം, കണ്ണൂർ ജില്ലയിലെ കുണിയൻ എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?